## പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി

## (2011-2014)

### മൂന്നാമത് റിപ്പോർട്ട്

സാമൂഹ്യക്ഷേമവകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് പൂജപ്പുരയിലും
തൈക്കാടും പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളുടെ
പ്രവർത്തനം മെച്ചപ്പെടുത്തുന്നതു
സംബന്ധിച്ച പ്രത്യേക
റിപ്പോർട്ട്

2012 ജൂലൈ മാസം 9-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

# പതിമൂന്നാം കേരള നിയമസഭ

## സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി

## (2011-2014)

**മൂന്നാമത് റിപ്പോർട്ട്**

സാമൂഹ്യക്ഷേമവകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് പൂജപ്പുരയിലും
തൈക്കാടും പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളുടെ
പ്രവർത്തനം മെച്ചപ്പെടുത്തുന്നതു
സംബന്ധിച്ച പ്രത്യേക
റിപ്പോർട്ട്

1059/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 13 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. മോൻസ് ജോസഫ്

<u>അംഗങ്ങൾ:</u>

ശ്രീമതി ഇ. എസ്. ബിജിമോൾ

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. സജീവൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സാമൂഹ്യക്ഷേമവകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് പൂജപ്പുരയിലും തൈക്കാടും പ്രവർത്തിക്കുന്ന വിവിധ ക്ഷേമസ്ഥാപനങ്ങൾ സമിതി സന്ദർശിച്ചശേഷം അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

2012 ജൂൺ 20-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടേയും കുട്ടികളുടേയും*
*വികലാംഗരുടേയും ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 9.

# റിപ്പോർട്ട്

സ്ത്രീകളും കുട്ടികളും വികലാംഗരും നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും, അവ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണാൻ ശ്രമിക്കുകയുമാണ് കേരള നിയമസഭയുടെ സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പ്രധാന കർത്തവ്യങ്ങളിൽ ഒന്ന്. അതോടൊപ്പം തന്നെ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമപ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കുകയും സർക്കാരിന് അതു സംബന്ധിച്ച റിപ്പോർട്ട് നൽകുകയും ചെയ്യുക എന്നതും സമിതിയുടെ ചുമതലക ളിൽപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് പൂജപ്പുരയിൽ പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഗവ: ചിൽഡ്രൻസ് ഹോം, സ്ത്രീകളുടേയും പുരുഷന്മാരുടേയും ആശാഭവനുകൾ എന്നിവ സന്ദർശിക്കുവാനും അവയുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ കണ്ടെത്തി പരിഹാരം കാണുന്നതിനും ഗവൺമെന്റിന് ആവശ്യമായ നിർദ്ദേശങ്ങളും/ ശുപാർശകളും ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിക്കുവാനും നിയമസഭാ കോംപ്ലക്സിൽ കൂടിയ സമിതിയുടെ 1-2-2012-ലെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

2. അതനുസരിച്ച് 22-2-2012-ൽ തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതിയുടെ തെളിവെടുപ്പ് യോഗം ചേരുകയും, തുടർന്ന് പൂജപ്പുരയിൽ സ്ഥിതി ചെയ്യുന്ന ഗവ: ചിൽഡ്രൻസ് ഹോം, സ്ത്രീകളുടേയും പുരുഷൻന്മാരുടേയും ആശാഭവനുകൾ എന്നീ സ്ഥാപനങ്ങൾ സമിതി സന്ദർശിക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അന്തേവാസികൾ എന്നിവരോട് വിവരങ്ങൾ ആരായുകയും സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി. സമൂഹത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമത്തിനായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാനും ഫലപ്രദമാ ക്കുവാനും പ്രയോജനപ്പെടുന്ന ശുപാർശകൾ ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കു ന്നതിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ നൽകാൻ സാമൂഹ്യക്ഷേമവകുപ്പിനോട് സമിതി ആരായുകയും പ്രസ്തുത വിവരങ്ങൾ വകുപ്പ് ലഭ്യമാക്കുകയും ചെയ്തു.

3. സമൂഹത്തിൽ വളരെയധികം അവഗണനയും അവശതയും അനുഭവിക്കുന്ന ശാരീരികവൈകല്യമുള്ളവർ, മാനസിക വെല്ലുവിളി നേരിടുന്നവർ, അഗതികൾ, സ്ത്രീകൾ, കുട്ടികൾ, വൃദ്ധജനങ്ങൾ, ജയിൽമോചിതർ എന്നിവരുടെ ഉന്നമനത്തിനും സംരക്ഷണ ത്തിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ 1975 സെപ്റ്റംബർ 9-ന് രൂപീകൃത മായതാണ് സാമൂഹ്യക്ഷേമവകുപ്പ്.

### I. സ്ത്രീകളുടെ ആശാഭവൻ, പൂജപ്പുര, തിരുവനന്തപുരം

4. 21-12-1991-ൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശാഭവൻ (സ്ത്രീകൾ) തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. പൂജപ്പുര സെൻട്രൽ ജയിൽ കോമ്പൗണ്ടിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലെ അന്തേവാസികൾ 18 വയസ്സിനു മുകളിൽ പ്രായമുള്ള അനാഥരും

അശരണരുമായ സ്ത്രീകളാണ്. മാനസികാരോഗ്യകേന്ദ്രത്തിൽ നിന്നുമുള്ള കിടത്തി ചികിത്സയ്ക്കുശേഷം ബന്ധുക്കൾ കൂട്ടിക്കൊണ്ടുപോകാത്തവരെയാണ് സംരക്ഷണത്തിനുവേണ്ടി ഈ സ്ഥാപനത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നത്. കോടതി ഉത്തരവു പ്രകാരമുള്ള അന്തേവാസികളെ കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള സ്ത്രീകളേയും ഇവിടെ അന്തേവാസികളായി പാർപ്പിച്ചിട്ടുണ്ട്.

5. ഈ സ്ഥാപനത്തിൽ സർക്കാർ അനുവദിച്ചിട്ടുള്ള അന്തേവാസികളുടെ എണ്ണം 50 ആണ്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഇപ്രകാരമാണ് സൂപ്രണ്ട്-1, മേട്രൺ-1, കുക്ക്-1, ആയ-2, വാച്ച്വുമൺ-2, പാർട്ട് ടൈം മെഡിക്കൽ ഓഫീസർ-1, നേഴ്സ്-1, വാച്ച്മാൻ-1.

6. സാമൂഹ്യ ക്ഷേമവകുപ്പിന്റെ 5-3-2012-ലെ റിപ്പോർട്ട് പ്രകാരം സ്ത്രീകളുടെ ആശാഭവനിൽ നിലവിൽ 80 അന്തേവാസികളാണുള്ളത്. അന്തേവാസികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതു കാരണം, 1-1-2009-ൽ അന്തേവാസികളുടെ എണ്ണം 100 ആയി ഉയർത്തി, അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടർക്ക് ശുപാർശ സമർപ്പിച്ചതിന്റെ ഫലമായി 29-3-2009-ലെ ഇ1.2908/08/ധന. ഉത്തരവ് പ്രകാരം 38 ലക്ഷം രൂപ തിരുവനന്തപുരം ആശാഭവനിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ മെച്ചപ്പെടുത്തി സ്ഥാപനം വിപുലീകരിച്ചെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കിയില്ല എന്നും അന്തേവാസികളുടെ എണ്ണം നിയമപരമായി കൂട്ടിയിട്ടില്ല എന്നും വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്.

7. ഈ സ്ഥാപനത്തിലെ അന്തേവാസികൾക്ക് മെയിന്റനൻസ് ചാർജ് ആയി ദിവസം ഒരാൾക്ക് 25 രൂപയും മരുന്നിന് 10 രൂപയും വസ്ത്രങ്ങൾക്കും കിടക്കയ്ക്കും ഒരാളിന് ഒരു വർഷത്തേക്ക് 1000 രൂപയുമാണ് നിലവിലുള്ള ഗവ. അലോട്ട്മെന്റ്. പ്രസ്തുത ഫണ്ട് അനുവദിക്കുന്നത് 50 അന്തേവാസികൾക്കാണ്. നിലവിലുള്ള ഗവ: അലോട്ട്മെന്റ് തികയാത്തതുകാരണം പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുവാനുള്ള വ്യവസ്ഥയുമുണ്ട്. പബ്ലിക് കോൺട്രിബ്യൂഷനുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 25-2-2008-ലെ സ.ഉ.(സാധ.) നമ്പർ 81/2007 സാക്ഷേവ. ഉത്തരവുപ്രകാരം നിലവിലുള്ള സുഹൃത് സമിതി പിരിച്ചുവിട്ട് പകരം ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാസാമൂഹ്യക്ഷേമ ഓഫീസർ വൈസ്ചെയർമാനായും, സൂപ്രണ്ട് കൺവീനർ ആയും മേയർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായും മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 20-3-2009-ൽ 1955-ലെ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം 7-479/09 നമ്പർ ആയി രജിസ്റ്റർ ചെയ്തിരിക്കുന്നു.

8. ആശാഭവനിൽ അന്തേവാസികളായി പ്രവേശിപ്പിക്കപ്പെടുന്നവരെ തിരികെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ വേണ്ടപ്പെട്ടവർ തയ്യാറാകുന്നില്ല എന്നത് ഗുരുതരമായ ഒരു സാമൂഹ്യപ്രശ്നമാണ്. അന്തേവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് പേപ്പർ ക്യാരി ബാഗുകളുടേയും, പൂക്കളുടേയും നിർമ്മാണം, സോപ്പുനിർമ്മാണം എന്നിവ താത്ക്കാലിക സംവിധാനമായി ഉണ്ടായിരുന്നു. അന്തേവാസികളുടെ

മാനസികോല്ലാസത്തിനായി കേബിൾ ടി.വി കണക്ഷനോടുകൂടിയ രണ്ടു ടെലിവിഷൻ സെറ്റുകൾ ഉപയോഗിച്ചുവരുന്നു. കൂടാതെ, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മാനേജ്മെന്റ് കമ്മിറ്റി ഈ സ്ഥാപനത്തിലോ കളക്ടറേറ്റിലോ യോഗം കൂടി സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ചർച്ചചെയ്യുകയും കണക്കുകൾ പരിശോധിക്കുകയും ചെയ്തു വരുന്നു.

9. സ്ത്രീകളുടെ ആശാഭവനിൽ നിന്നും ലഭ്യമാക്കിയ മേൽ റിപ്പോർട്ടിനോടൊപ്പം അടിയന്തിരമായി നടപ്പാക്കണമെന്ന് സ്ഥാപനം അറിയിച്ച വിഷയങ്ങളുടേയും സമിതി നടത്തിയ 22-2-2012-ലെ സന്ദർശനത്തിന്റേയും അടിസ്ഥാനത്തിൽ അന്തേവാസികളുടെ പുനരധിവാസവും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പും കൂടുതൽ ഫലപ്രദമാക്കുന്നതിനായി ഇനി പറയുന്ന ശുപാർശകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ആവശ്യപ്പെടുന്നു.

10. കേരള നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമവും സംബന്ധിച്ച ചട്ടങ്ങളിലെ റൂൾ 205 എ അനുസരിച്ച് ഈ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിക്കേണ്ടതും, റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് കൈപ്പറ്റിയ തീയതി മുതൽ രണ്ടു മാസത്തിനകം സർക്കാർ കൈക്കൊണ്ട നടപടികളടങ്ങുന്ന സ്റ്റേറ്റ്മെന്റ് സമിതിക്ക് നൽകേണ്ടതുമാണ്.

11. ആശാഭവനിൽ നിത്യോപയോഗത്തിനായുള്ള വെള്ളത്തിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ഇവിടെ താഴത്തെനിലയിൽ മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ. ഇരുമ്പ് കുഴലുകൾ ഉപയോഗിച്ചുള്ള വളരെ പഴയ വാട്ടർ കണക്ഷൻ ആയതിനാൽ അറ്റകുറ്റപ്പണി ചെലവേറിയതാണെന്ന് വാട്ടർ അതോറിറ്റി സ്ഥാപനത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പരിഹാരമായി അടിയന്തിരമായി ഒരു കുഴൽ കിണർ കുഴിച്ചാൽ ജലസമൃദ്ധിയുള്ള സ്ഥലമായതിനാൽ അന്തേവാസികൾക്ക് ആവശ്യത്തിന് ജലം ലഭ്യമാക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. വെള്ളത്തിന്റെ ദൗർലഭ്യം കാരണം അന്തേവാസികളിൽ പലരും കെട്ടിടത്തിന്റെ സമീപത്തുള്ള കുളക്കരയിൽ, തുറസ്സായ സ്ഥലത്ത് നിന്നാണ് കുളിക്കുന്നത്. കുളത്തിന് സമീപം രണ്ട് കുളിമുറികളും കക്കൂസും പണിതാൽ വളരെ സൗകര്യപ്രദമായിരിക്കും. ആയതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. അന്തേവാസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുന്നോടിയായി സ്ഥാപനത്തിന്റെ മൂന്നാമത്തെ നിലയിൽ പണിത ഡോർമിറ്ററിയിൽ വെള്ളത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നു. കൂടാതെ, മേൽക്കൂരയിൽ പി.വി.സി. സീലിംഗ് ഇടേണ്ടതാണ്. ഗ്ലാസ് ഉപയോഗിച്ചു നിർമ്മിച്ചിരിക്കുന്ന ഈ ഡോർമിറ്ററിയുടെ ഭിത്തികൾ മാനസിക രോഗികളായ അന്തേവാസികളെ പാർപ്പിക്കുന്നതിന് സുരക്ഷിതമല്ലാത്തതിനാൽ, ഗ്ലാസ്സ് ഭിത്തികളോട് ചേർത്ത് ഗ്രിൽ പണിയേണ്ടതായിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. അന്തേവാസികൾ പലപ്പോഴും രക്ഷപ്പെട്ട് പുറത്തു പോകുന്നതിനുള്ള പ്രവണത കാണിക്കുന്നതിനാൽ ടി കെട്ടിടത്തിലെ ഗ്ലാസ്സ്കൊണ്ട് നിർമ്മിച്ച ജനാലകൾ മാറ്റി, ഗ്രില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

15. മാനസിക രോഗികളും അന്യസംസ്ഥാനക്കാരുമായ അന്തേവാസികൾക്ക് ഓടിപ്പോകുവാനുള്ള പ്രവണത കൂടുതലായതിനാൽ അവർക്ക് കെട്ടിടത്തിനുള്ളിൽ കഴിയേണ്ടിവരുന്നു. കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിച്ചാൽ അന്തേവാസികൾക്ക് ദിവസം രണ്ടുമണിക്കൂറെങ്കിലും തുറസായ സ്ഥലത്ത് സമയം ചെലവഴിക്കാനും മാനസിക പിരിമുറുക്കം കുറയ്ക്കുവാനും സാധിക്കും. ആയതിനാൽ, പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടുന്നതിനുവേണ്ട നടപടികൾ  സമയബന്ധിതമായി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ആശാഭവൻ പരിസരത്ത് സാമൂഹ്യക്ഷേമവകുപ്പിന്റെ തന്നെ മഹിളാമന്ദിരം, വൃദ്ധസദനം (സ്ത്രീകൾ), വികലാംഗവനിതാ സദനം എന്നീ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നു. 250-ഓളം സ്ത്രീകളായ വൃദ്ധരും, വികലാംഗരും, മാനസികരോഗികളും, കുട്ടികളും അന്തേവാസികളായ ടി സ്ഥാപനങ്ങളിൽ ജീവനക്കാരായി വനിതകൾ മാത്രമാണുള്ളത്. അന്തേവാസികൾക്ക് ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ, പ്രത്യേകിച്ച് രാത്രികാലങ്ങളിൽ, ആശുപത്രിയിൽ കൊണ്ടുപോകാൻ വാഹന സൗകര്യ ത്തിനായി വളരെ വിഷമതകൾ നേരിടുന്നു. ആയതിനാൽ, ഇക്കാര്യത്തിനുവേണ്ടി എല്ലാ സ്ഥാപനങ്ങൾക്കും കൂടി ഒരു വാഹനം അനുവദിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

17. അന്തേവാസികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കാലോചിതമായി സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. അന്തേവാസികൾക്ക് മരുന്നിനും വസ്ത്രങ്ങൾക്കും, സ്ഥാപനത്തിന്റെ മെയിന്റനൻസിനും ഇപ്പോൾ അനുവദിച്ചുകൊണ്ടിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, പ്രസ്തുത തുക താമസംവിനാ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. അന്തേവാസികളുടെ പുനരധിവാസത്തിന് ഉതകുന്നവിധത്തിൽ സോപ്പ്, പേപ്പർ ക്യാരിബാഗുകൾ, പൂക്കൾ എന്നിവയുടെ നിർമ്മാണത്തിനുള്ള പരിശീലനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പരിശീലനം പൂർത്തിയാക്കുന്നമുറയ്ക്ക് സ്ഥാപനത്തിൽ വച്ചുതന്നെ വർക്കുകൾ ഏറ്റെടുത്ത് ചെയ്യുവാൻ സൗകര്യങ്ങൾ ഏർപ്പടുത്തണമെന്നും, അന്തേവാസികൾ തൊഴിൽ ചെയ്ത് നേടുന്ന തുക അവരുടെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. അന്തേവാസികളുടെ എണ്ണത്തിനനുസരിച്ച് ആശാഭവനിൽ കട്ടിലുകൾ ലഭ്യമല്ല. കൂടാതെ കുറെ കട്ടിലുകൾ തുരുമ്പെടുത്ത് നശിച്ചുപോയിരിക്കുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ, ടി സ്ഥാപനത്തിലേക്കാവശ്യമായ കട്ടിലുകൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. അന്തേവാസികൾക്കുവേണ്ടിയുള്ള ഭക്ഷണം വിറകടുപ്പിൽ പാചകം ചെയ്യുന്നതിന് പ്രധാനകെട്ടിടത്തിന് വെളിയിൽ ഒരു ഷെഡ് ആവശ്യമുണ്ട്. സാമാന്യം വലിയ ഒരു ഷെഡ് പണിയുകയാണെങ്കിൽ മഴക്കാലത്ത് ആഹാരം പാചകം ചെയ്യുവാനും വിറക് നനയാതെ സൂക്ഷിക്കുവാനും അന്തേവാസികളുടെ വസ്ത്രങ്ങൾ അലക്കി ഉണക്കുവാനും സാധിക്കുമെന്നതിനാൽ ആയതിനുവേണ്ട സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. അന്യസംസ്ഥാനക്കാരായ അന്തേവാസികൾക്ക് ആശയവിനിമയം നടത്തുന്നതിന് പലപ്പോഴും ഭാഷ തടസ്സമാകുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്ന് സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. മേൽവിലാസം തേടിപ്പിടിച്ച് അവരെ ബന്ധുമിത്രാദികളെ ഏൽപ്പിക്കുന്നതിനും സ്വന്തം സംസ്ഥാനത്തിലെ സമാന സർക്കാർ സ്ഥാപനങ്ങളിലേക്കയക്കുന്നതിനും അല്ലെങ്കിൽ പുനരധിവസിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. അന്തേവാസികളിൽ പലരും മാനസിക തകരാറുകൾ സംഭവിച്ചവരും മാനസിക സംഘർഷങ്ങൾ നേരിടുന്നവരുമാണെന്ന് നിരീക്ഷണത്തിൽ സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ, ആവശ്യമുള്ളപക്ഷം അന്തേവാസികൾക്ക് പ്രൊഫഷണൽ കൗൺസലിംഗ് നൽകുന്നതിനുള്ള നടപടി ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. സാമൂഹ്യക്ഷേമ കോംപ്ലക്സിലെ അന്തേവാസികളുടെ മാനസികോല്ലാസത്തിന് ആവശ്യമായ കലാകായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു ഹാൾ ലഭ്യമല്ല. ആശാഭവന്റെ മുകളിലത്തെ നില വികസിപ്പിച്ച് ഒരു ഹാളിനുള്ള സ്ഥലം കണ്ടെത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### II. പുരുഷന്മാരുടെ ആശാഭവൻ, പൂജപ്പുര, തിരുവനന്തപുരം

25. മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും ബന്ധുക്കൾ ഏറ്റെടുക്കാൻ തയ്യാറാകാതെ ഒറ്റപ്പെട്ടു പോകുന്ന വ്യക്തികളുടെ പുനരധിവാസമാണ് ആശാഭവൻ എന്ന സ്ഥാപനത്തിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്. 18 വയസിനുമേൽ പ്രായമുള്ള മാനസികാരോഗ്യം വീണ്ടെടുത്ത പുരുഷന്മാർക്കാണ് ഈ സ്ഥാപനത്തിൽ പ്രവേശനം ഉള്ളത്. പ്രവേശനം തേടുന്നവർ മാനസികാരോഗ്യം വീണ്ടെടുത്തവരാണെന്ന് തെളിയിക്കുന്ന മെഡിക്കൽ ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

26. 2006 ജനുവരി 21-ന് തിരുവനന്തപുരത്തെ നന്തൻകോടിൽ വാടക കെട്ടിടത്തിൽ ആരംഭിച്ച ഈ സ്ഥാപനം 2009 ജനുവരി 22-ന് പൂജപ്പുരയിലെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുകയുണ്ടായി. ഇപ്പോൾ 55 അന്തേവാസികൾ ഈ സ്ഥാപനത്തിൽ ഉണ്ട്.

27. സമിതിയുടെ സന്ദർശനത്തിൽ ബോധ്യപ്പെട്ട വിവരങ്ങളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന ശുപാർശകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

28. ഒരു അന്തേവാസിക്ക് പ്രതിമാസം 750 രൂപ ഭക്ഷണത്തിനും 300 രൂപ മരുന്നിനും, 1000 രൂപ വസ്ത്രത്തിനുമായി വർഷത്തിൽ ഒരു തവണ സർക്കാർ

അനുവദിക്കുന്നുണ്ട്. ഈ തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത തുക കാര്യമായി ഉയർത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. അന്തേവാസികളുടെ മാനസികോല്ലാസത്തിനായി ടെലിവിഷൻ, റേഡിയോ, ക്യാരംസ്, ചെസ് എന്നിവ വിനോദോപാധികളായി ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ, കായിക വിനോദത്തിനായി ഷട്ടിൽ ബാഡ്മിന്റൺ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. അന്തേവാസികളുടെ എണ്ണം പലപ്പോഴും അനുവദനീയമായ സംഖ്യയിൽ കൂടുതലാകാറുണ്ടെന്ന് ഉദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടുതൽ പേർക്ക് പ്രവേശനം നൽകാൻ സ്ഥലപരിമിതിമൂലം സാധിക്കാതെ വരുന്നു. ഇപ്പോഴുള്ള കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി പണിയുകയാണെങ്കിൽ, അന്തേവാസികൾക്ക് കൂടുതൽ സൗകര്യമായിരിക്കും. ആയതിനാൽ, കൂടുതൽ അന്തേവാസികളെ പാർപ്പിക്കുന്നതിനായി ഇപ്പോഴുള്ള കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി പണിയുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. ഇപ്പോൾ ഗ്രേഡ് II സ്ഥാപനമായ പുരുഷന്മാരുടെ ആശാഭവനിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ഒന്നാം ഗ്രേഡ് സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### III. ഗവൺമെന്റ് സ്പെഷ്യൽ ഹോം, പൂജപ്പുര, തിരുവനന്തപുരം

32. ബാലനീതി നിയമം 2000 പ്രകാരമുള്ള മൂന്നു സ്ഥാപനങ്ങൾ ഈ ക്യാമ്പസ്സിൽ പ്രവർത്തിക്കുന്നുണ്ട്. 1. ഗവ: ഒബ്സർവേഷൻ ഹോം, 2. ഗവ: ചിൽഡ്രൻസ് ഹോം, 3. ഗവ: സ്പെഷ്യൽ ഹോം.

33. കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളെ താല്ക്കാലികമായി പാർപ്പിക്കുന്ന സ്ഥലമാണ് ഒബ്സർവേഷൻ ഹോം. ഇവരുടെ കേസ്സ് അന്വേഷണം ബാലനീതി നിയമം വകുപ്പ് 4 പ്രകാരം രൂപീകരിച്ചിട്ടുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡ് നടത്തുകയും ആവശ്യമെങ്കിൽ 3 വർഷത്തേക്ക് ഇവരെ ഗവ: സ്പെഷ്യൽ ഹോമിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെ 18 വയസ്സ് പൂർത്തിയാകുന്നതുവരെ താമസിപ്പിക്കുന്ന സ്ഥാപനമാണ് ഗവ:ചിൽഡ്രൻസ് ഹോം. ബാലനീതി നിയമം വകുപ്പ് 29 പ്രകാരം രൂപീകരിച്ചിട്ടുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളാണ് കുട്ടികളെ പ്രവേശിപ്പിക്കുവാനുള്ള അന്വേഷണം നടത്തിയശേഷം അവരെ താമസിപ്പിക്കുന്നതിനുള്ള ഉത്തരവ് നൽകുന്നത്.

34. സ്പെഷ്യൽ ഹോമിലും ചിൽഡ്രൻസ് ഹോമിലുമായി നിലവിൽ ഡോർമിറ്ററികൾ ഉൾപ്പെടെ 12 മുറികളും, 14 കക്കൂസ്, 11 കുളിമുറി എന്നിവയുമുണ്ട്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ചിൽഡ്രൻസ് ഹോമിൽ കുട്ടികൾക്ക് പ്രവേശനം നൽകുന്നത്. രക്ഷിതാക്കൾ സ്ഥാപനത്തിൽ എത്തിക്കുന്ന കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസം തുടരുന്നതിനുള്ള സൗകര്യമുണ്ട്. 18 വയസ് കഴിഞ്ഞ് സ്ഥാപനത്തിൽ നിന്നും പുറത്തുപോയാലും പഠനത്തിനുള്ള സാമ്പത്തിക സഹായം സാമൂഹ്യക്ഷേമവകുപ്പ് തുടർന്നും നൽകുന്നുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു.

35. സമിതിക്ക് നേരിട്ടു ബോധ്യപ്പെട്ടതും സമിതി മനസ്സിലാക്കിയതുമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഗവ:സ്പെഷ്യൽ ഹോം, ഗവ: ചിൽഡ്രൻസ് ഹോം എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന ശുപാർശകൾ സമിതി സർക്കാരിന് മുന്നിൽ സമർപ്പിക്കുന്നു.

36. പത്തുവയസ്സിൽ താഴെപ്രായമുളളവർ, പതിനൊന്നിനും പതിനഞ്ചിനും ഇടയ്ക്ക് പ്രായമുളളവർ, പതിനാറിനും പതിനെട്ടിനും ഇടയ്ക്ക് പ്രായമുളളവർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി തിരിച്ച് അന്തേവാസികളായ കുട്ടികളെ പാർപ്പിക്കണമെന്നും അവരുടെ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾ നിലവിലുളള ബാലനീതി ചട്ടം അനുശാസിക്കുംവിധം നടപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ടി സ്ഥാപനത്തിൽ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവ സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

37. ചിൽഡ്രൻസ് ഹോം, ഗവ: സ്പെഷ്യൽ ഹോം എന്നീ സ്ഥാപനങ്ങളിൽ പാർട്ട്ടൈം സ്വീപ്പർ ഇല്ല. അന്തേവാസികളായ കുട്ടികൾ സ്കൂളിൽ പോകുന്നതിന് മുൻപായി അവരുടെ സ്ഥലം സ്വയം വൃത്തിയാക്കുകയാണ് ചെയ്യുന്നത് എന്ന വസ്തുത സമിതിക്ക് സന്ദർശനവേളയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ, പ്രസ്തുത സ്ഥാപനങ്ങളിലേക്ക് ഒരു പാർട്ട്-ടൈം സ്വീപ്പർ തസ്തിക അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. അന്തേവാസികളായ കുട്ടികളുടെ അലക്കിയ വസ്ത്രങ്ങൾ മഴക്കാലത്ത് ഉണക്കിയെടുക്കുവാൻ സൗകര്യമില്ല. ആയതിനാൽ, ഇതിനു മാത്രമായി ഒരു പ്രത്യേക ഷെഡ് നിർമ്മിച്ചു നൽകുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. അന്യസംസ്ഥാനങ്ങളിൽ നിന്നും പലതരം അസുഖങ്ങളുമായി വരുന്ന അന്തേവാസികളെ മാറ്റി പാർപ്പിക്കുന്നതിന് പ്രത്യേക സൗകര്യം ആവശ്യമാണെന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ, മറ്റുള്ളവരിലേക്ക് പകരുന്ന വിധത്തിലുള്ള അസുഖം ബാധിക്കുന്ന അന്തേവാസികളെ പ്രത്യേകം താമസിപ്പിക്കുന്നതിനുള്ള സൗകര്യം ടി സ്ഥാപനത്തിൽ ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

40. സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് അകന്ന് കഴിയുന്ന ഇത്തരം കുട്ടികളിൽ മൂല്യബോധവും സേവന തത്പരതയും വളർത്തുന്നതിന് ബോധവൽക്കരണം അത്യന്താപേക്ഷിതമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ, അന്തേവാസികളായ കുട്ടികളിൽ സദാചാര ബോധവും, ധാർമ്മിക മൂല്യങ്ങളും വളർത്തുന്നതിന് മാസത്തിൽ നാലുതവണയെങ്കിലും ബോധവൽക്കരണ ക്ലാസ് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. അന്തേവാസികളായ കുട്ടികളിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള വാസന വളരെ കൂടുതലാണ്. അവ ഒഴിവാക്കുന്നതിന് അവർക്ക് കൗൺസിലിംഗ് നൽകേണ്ടത് ആവശ്യമായതിനാൽ പ്രസ്തുത സ്ഥാപനത്തിൽ അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

42. കുറ്റം ചെയ്ത കുട്ടികളെ കേസ് തീർപ്പാക്കുന്നതുവരെ പ്രത്യേകം താമസിപ്പിച്ച് നിരീക്ഷിക്കുന്നതിന് ഒരു സ്പെഷ്യൽ ഒബ്സർവേഷൻ ഹോം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ താമസിപ്പിച്ചിട്ടുള്ള കുട്ടികൾക്ക് രക്ഷപ്പെട്ടു പോകുവാനുള്ള പ്രവണത കൂടുതലായതിനാൽ വാച്ച്മാന്റെ സേവനം വളരെ അത്യാവശ്യമാണ്. നിലവിൽ വാച്ച്മാന്റെ തസ്തിക ഇല്ലാത്തതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

43. പുരുഷന്മാരുടെ ആശാഭവനിലെ അന്തേവാസികൾ സ്ഥലപരിമിതിമൂലം വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി സമിതി മനസിലാക്കുന്നു. ചിൽഡ്രൻസ് ഹോമിന്റെ കോമ്പൗണ്ടിൽ ഒരു പാർക്ക് ഉണ്ടാക്കുവാൻ സൗകര്യം ലഭിച്ചാൽ ആശാഭവനിലെ അന്തേവാസികൾക്ക് വൈകുന്നേരങ്ങളിൽ പുറത്തിറങ്ങി വിശ്രമിക്കുവാൻ സാധിക്കും. അതിനുവേണ്ടി, ചിൽഡ്രൻസ് ഹോം കോമ്പൗണ്ടിലേക്ക് ഒരു പാലം കൂടി നിർമ്മിക്കേണ്ടതുണ്ട്. ഈ സാധ്യത പരിശോധിച്ച് നടപ്പാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഭാഗം II

## പൊതു ശുപാർശകൾ

44. വളരെയേറെ സാമൂഹ്യ പ്രതിബദ്ധതയുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ഭരണസംവിധാനം കുറ്റമറ്റതും സുതാര്യവും കാര്യക്ഷമവുമാക്കേണ്ടത് ഏറ്റവും അത്യാവശ്യമായ കാര്യമായി സമിതി കാണുന്നു. വകുപ്പിന്റെ സെക്രട്ടറി, ഡയറക്ടർ എന്നീ ഓഫീസർമാരെ നിരന്തരം മാറ്റുകയോ, അല്ലെങ്കിൽ അഡീഷണൽ ചാർജ് നല്കുകയോ ചെയ്യുന്നതുമൂലം പ്രസ്തുത വകുപ്പിൽ ഒരു കാര്യവും സമയബന്ധിതമായും കാര്യക്ഷമമായും ചെയ്തു തീർക്കുവാൻ സാധിക്കുന്നില്ലെന്ന് സമിതി മനസിലാക്കുന്നു. ജനങ്ങൾക്കുവേണ്ടിയുള്ള ധാരാളം സ്കീമുകൾ നടപ്പിലാക്കുകയും അനവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ ഒരാൾ ചാർജ്ജെടുത്ത് കുറേ നല്ല കാര്യങ്ങൾ ചെയ്തു വരുമ്പോൾ അദ്ദേഹത്തിനെ മാറ്റേണ്ടി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. അടുത്തയാൾ വീണ്ടും ചാർജ്ജെടുത്ത് കാര്യങ്ങൾ ആദ്യം മുതൽ പഠിച്ചുവരുമ്പോഴായിരിക്കും വീണ്ടും മാറ്റമുണ്ടാകുന്നത്. ആയതിനാൽ, വകുപ്പിന്റെ സെക്രട്ടറി, ഡയറക്ടർ എന്നീ രണ്ടു തസ്തികകളിലും അഡീഷണൽ ചാർജ്ജ് നൽകുന്ന പ്രവണത അവസാനിപ്പിച്ച്ടി തസ്തികകളിൽ സ്ഥിരനിയമനം ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45. ചിൽഡ്രൻസ് ഹോം കെയർറ്റേക്കർമാരുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തുക, കെയർടേക്കർമാരുടെ എണ്ണം 10 അന്തേവാസികൾക്ക് ഒന്ന് എന്ന അനുപാതത്തിൽ നിയമിച്ച് നടപ്പിലാക്കുക, ജയിൽ വകുപ്പിൽ അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ചിൽഡ്രൻസ് ഹോം കെയർടേക്കർമാർക്ക് പുനഃസ്ഥാപിച്ചു നല്കുക, മറ്റു വകുപ്പുകളിൽ പൊതുഅവധി ദിവസങ്ങൾ ക്രമീകരിച്ചു നല്കുന്നതുപേലെ കെയർ ടേക്കർമാർക്കും നല്കുക, ചിൽഡ്രൻസ് ഹോമിൽ നിന്നും കുട്ടികൾ ഒളിച്ചോടി പോകുമ്പോൾ ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന ശിക്ഷണ നടപടികൾ

നിർത്തലാക്കുക തുടങ്ങിയ സാമൂഹ്യക്ഷേമ (എ) വകുപ്പിന്റെ 30-6-2008-ലെ G O.(Rt.) No.263/08/SWD ഉത്തരവിലെ വ്യവസ്ഥകൾ പാലിയ്ക്കപ്പെട്ടിട്ടില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ, പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

46. നിലവിലുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും ഉത്തരവാദപ്പെട്ട വകുപ്പിലെ മറ്റു ഓഫീസർമാരായ സീനിയർ സൂപ്രണ്ട്, 6 അസിസ്റ്റന്റ് ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർ എന്നിവർക്ക് പ്രത്യേകമായി ടെലഫോൺ, കമ്പ്യൂട്ടർ, നെറ്റ് കണക്ഷൻ, വാഹനം എന്നിവ നല്കിയിട്ടില്ല. ഇത് കീഴ് സ്ഥാപനങ്ങളുമായുള്ള ആശയവിനിമയത്തെ പ്രതികൂലമായി ബാധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മേല്പറഞ്ഞ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

47. സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികളുടെ നടപ്പാക്കൽ അവലോകനം ചെയ്യുന്നതിനായി കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തണമെന്നും അതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

48. സാമൂഹ്യക്ഷേമവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നത് വളരെ വ്യത്യസ്ഥമായ പദ്ധതികൾ ആണ്. ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരെ സ്ഥലം മാറ്റുന്ന പ്രവണത നിലനിൽക്കുന്നു. വകുപ്പ് വിഭജിച്ചു വ്യത്യസ്ഥ വകുപ്പുകളോ വ്യത്യസ്ഥ വിഭാഗങ്ങളോ ആക്കി മാറ്റുന്നത് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഉപകരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ,

(1) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് സർവ്വീസസ് (അംഗൻവാടി വഴി നടപ്പാക്കുന്നത്)

(2) ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (ബാലനീതി നിയമ പ്രകാരമുള്ളത്)

(3) വനിതാ/വികലാംഗ/വയോജനക്ഷേമം/പ്രൊബേഷൻ, എന്നിങ്ങനെ മൂന്നു വിഭാഗങ്ങളെയും പ്രത്യേകമായി ശ്രദ്ധിച്ച് ഭരണപരമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

49. സ്ത്രീകളുടെ ആശാഭവൻ ഉൾപ്പെടെയുള്ള മഹിളാമന്ദിരം, വൃദ്ധസദനം, മഹിളാ വികലാംഗസദനം, വൊക്കേഷണൽ പരിശീലനകേന്ദ്രം, ആശാഭവൻ (പുരുഷന്മാർ) എന്നീ ക്ഷേമസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന സൂപ്രണ്ടുമാരും ഉദ്യോഗസ്ഥരും വളരെ താഴ്ന്ന ശമ്പളം വാങ്ങുന്നവരാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മറ്റ് സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാരുടെ സേവനവേതന വ്യവസ്ഥകൾ ടി സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉറപ്പ് വരുത്തേണ്ടത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. കൂടാതെ, അവർക്ക് സ്ഥാപനത്തിനുള്ളിൽ തന്നെ താമസസൗകര്യം ഉറപ്പാക്കേണ്ടതുമാണ്.

50. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വെള്ളം, വൈദ്യുതി, പൊതുസമ്മേളനം, കലാകായികം, പുനരധിവാസപ്രവർത്തനങ്ങൾ,

പൊതുജന സമ്പർക്കം എന്നീ പൊതുവായ കാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ടി സ്ഥാപനത്തിൽ ഒരു അസിസ്റ്റന്റ് ഡയറക്ടറെ കാലതാമസം കൂടാതെ നിയമിക്കുന്നത് പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രയോജനപ്രദമായിരിക്കുമെന്ന് സമിതി വ്യക്തമാക്കി.

## ഭാഗം III

## ചൈൽഡ് ഡെവലപ്മെന്റ് സെന്റർ, മെഡിക്കൽ കോളേജ് കാമ്പസ്, തിരുവനന്തപുരം

51. ഒരു ക്ഷേമരാഷ്ട്ര നിർമ്മിതിയിൽ കുട്ടികൾ വളരെ പ്രധാനപ്പെട്ട ഘടകമാണ്. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാർ ആകുമ്പോൾ വൈകല്യം കുറഞ്ഞ ഒരു ജനതയെ സൃഷ്ടിക്കുന്നതിനുവേണ്ടി ജനിതകമായോ പാരമ്പര്യമായോ രോഗത്താലോ കുട്ടികളിൽ ഉണ്ടാകുന്ന വൈകല്യങ്ങൾ പൂർണ്ണമായോ ഭാഗികമായോ ചികിത്സയിലൂടെയോ പരിശീലനം ലഭിച്ച ആളുകളുടെ പരിചരണത്തിലൂടെയോ ഭേദമാക്കുവാൻ കഴിയും. കുട്ടികളിൽ കാണുന്ന വിവിധ വൈകല്യങ്ങൾ ഉദാ:—ഓട്ടിസം, ഡൗൺസ് സിൻഡ്രോം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൽസി, കാഴ്ചവൈകല്യം, ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ എന്നിവ വളരെ നേരത്തെ കണ്ടെത്തുവാനും ചികിത്സയിലൂടെയും ബോധനമാർഗ്ഗത്തിലൂടെയും വളരെയേറെ കുറയ്ക്കുവാനും വേണ്ടി തിരുവനന്തപുരത്ത് മെഡിക്കൽ കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നത്. കുട്ടികളിലെ വൈകല്യങ്ങൾ വളരെ നേരത്തെ കണ്ടെത്തുവാനും അവയ്ക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനത്ത് ഉടനീളം പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർ, ആശാ പ്രവർത്തകർ, പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും കുട്ടികളിലെ തുടർ ചികിത്സയ്ക്കും ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ ഉപകേന്ദ്രങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയോടനുബന്ധിച്ചോ അല്ലാതെയോ തുടങ്ങുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഭാഗം IV

## കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം

52. നമ്മുടെ രാജ്യത്തെ ശിശുക്ഷേമപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുവേണ്ടി രൂപീകൃതമായ ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽ ഫയറുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കേരള സംസ്ഥാന ശിശുക്ഷേമ സമിതി 1949-ൽ രൂപീകൃതമായി.

53. അംഗൻവാടി പരിശീലനകേന്ദ്രങ്ങൾ, ബാലസേവികാ പരിശീലന കേന്ദ്രങ്ങൾ, ക്രഷുകൾ, ചിൽഡ്രൻസ് ലൈബ്രറി, ദത്തെടുക്കൽ കേന്ദ്രം, ചിൽഡ്രൻസ് മ്യൂസിയം, ഫൗണ്ടിലിംഗ് ഹോം, ഡേ കെയർ, ഓട്ടിസം സ്പെഷ്യൽ സ്കൂൾ, യൂണിവേഴ്സിറ്റി കോച്ചിംഗ് സെന്റർ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ, സംസ്ഥാനമൊട്ടാകെ ശിശുക്ഷേമ സമിതിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു.

54. തിരുവനന്തപുരത്ത്, തൈക്കാട് പ്രവർത്തിച്ചുവരുന്ന ശിശുക്ഷേമസമിതിയുടെ ആസ്ഥാനത്തെ ദത്തെടുക്കൽ കേന്ദ്രത്തിൽ ഒരു കുഞ്ഞ് 29-3-2012-ൽ വെള്ളത്തിൽ വീണ് മരിക്കാനിടയായ അനിഷ്ടസംഭവം ശ്രദ്ധയിൽപ്പെട്ട സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2011-14), 6-6-2012-ന് പകൽ 12.00 മണിക്ക് പ്രസ്തുത സ്ഥാപനം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. സമിതിക്ക് നേരിട്ട് ബോധ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ശുപാർശകൾ അടിയന്തിര പ്രാധാന്യം നൽകി നടപ്പാക്കുന്നതിനായി സമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

55. ദത്തെടുക്കൽ നിയമങ്ങൾ കുറച്ചുകൂടി ലളിതമാക്കി കുട്ടികളില്ലാത്ത ദമ്പതികൾക്ക് ദത്ത് നൽകൽ കൂടുതൽ സുതാര്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. ശിശുക്ഷേമ സമിതിയോട് ചേർന്ന് കിടക്കുന്ന സർക്കാർവക ഭൂമി സൗജന്യമായി അനുവദിച്ച് സമിതി ആസ്ഥാനം കൂടുതൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

57. അമ്മത്തൊട്ടിൽ വഴിയും മറ്റ് രീതികളിലും ലഭിക്കുന്ന കുട്ടികളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് (ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ) ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. രക്ഷാകർത്താക്കൾ ജീവിച്ചിരിക്കെ കോടതി വഴിയും റയിൽവേ സ്റ്റേഷൻ തുടങ്ങി പൊതുസ്ഥലങ്ങൾ വഴിയും ശിശുക്ഷേമസമിതിയിലെത്തുന്ന കുട്ടികളെ പലപ്പോഴും രക്ഷാകർത്താക്കൾ തിരികെ കൂട്ടിക്കൊണ്ടു പോകാറില്ല. ഇക്കാരണത്താൽ പല കുട്ടികളേയും സമിതിയിൽ നിന്നും മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റി പാർപ്പിക്കേണ്ടി വരികയും എന്നാൽ അത്തരം സ്ഥാപനങ്ങളിൽ സമിതിയിൽ നിന്നും ലഭിക്കുന്ന പരിചരണം അന്തേവാസികളായ കുട്ടികൾക്ക് ലഭിക്കാതെ വരികയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നു. ആയതിനാൽ, രക്ഷാകർത്താക്കളിൽ നിന്നും സ്വമേധയാ വിടുതൽ നേടിയ കുട്ടികളെ നിയമതടസ്സം കൂടാതെ കോടതി മുഖേന ദത്ത് നൽകുന്നതിനുള്ള നിയമസാധുത പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

59. ശിശുക്ഷേമസമിതിയുടെ ആസ്ഥാനത്തെ ദത്തെടുക്കൽ കേന്ദ്രം പ്രസ്തുത കെട്ടിടത്തിന്റെ നാലാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ലിഫ്റ്റ് സൗകര്യമില്ലാത്തതിനാൽ അടിയന്തിര ഘട്ടങ്ങളിൽ കുട്ടികളെ ആശുപത്രിയിൽ എത്തിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. ആയതിനാൽ, പ്രസ്തുത കെട്ടിടത്തിൽ ലിഫ്റ്റ് സൗകര്യം ഉറപ്പാക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

60. ശിശുക്ഷേമസമിതിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ബഡ്ജറ്റിൽ കൂടുതൽ തുക ഉൾപ്പെടുത്തി അവ ഗ്രാന്റായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

61. ശിശുക്ഷേമസമിതിയിൽ ഒരു ഫുൾ-ടൈം പീഡിയാട്രീഷ്യനെ നിയമിക്കാനും അവിടെയുള്ള ആയമാർക്കും നേഴ്സുമാർക്കും ആറുമാസം ദൈർഘ്യമുള്ള കോഴ്സിലൂടെ ട്രെയിനിംഗ് നൽകുവാനും വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

62. സമിതിയിലെ ആയമാർക്ക് നൽകിവരുന്ന വേതനം, സംസ്ഥാനത്ത് നിലവിൽ നൽകിവരുന്ന മിനിമം വേതനമായ 350 രൂപയാക്കി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

63. ശിശുക്ഷേമസമിതിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനും വെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനും ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

64. ശിശുക്ഷേമസമിതിയിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ 50% മാത്രമാണ് ലഭിക്കുന്നത്. ആയതിനാൽ, അവരുടെ സേവനവേതന വ്യവസ്ഥകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

മോൻസ് ജോസഫ്,
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടേയും കുട്ടികളുടേയും*
*വികലാംഗരുടേയും ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 9.

അനുബന്ധം

## സമിതിയുടെ പ്രധാന ശുപാർശകളും നിർദ്ദേശങ്ങളും

| *ക്രമ നമ്പർ* | *ശുപാർശകൾ* | *ഖണ്ഡിക* |
|---|---|---|
| 1 | അടിയന്തിരമായി ഒരു കുഴൽ കിണർ കുഴിച്ചാൽ ജലസമൃദ്ധിയുള്ള സ്ഥലമായതിനാൽ അന്തേവാസികൾക്ക് ആവശ്യത്തിന് ജലം ലഭ്യമാക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 11 |
| 2 | കുളത്തിന് സമീപം രണ്ട് കുളിമുറികളും കക്കൂസും പണിതാൽ വളരെ സൗകര്യപ്രദമായിരിക്കും. ആയതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 12 |
| 3 | ഗ്ലാസ് ഉപയോഗിച്ചു നിർമ്മിച്ചിരിക്കുന്ന ഈ ഡോർമിറ്ററിയുടെ ഭിത്തികൾ മാനസിക രോഗികളായ അന്തേവാസികളെ പാർപ്പിക്കുന്നതിന് സുരക്ഷിതമല്ലാത്തതിനാൽ, ഗ്ലാസ്സ് ഭിത്തികളോട് ചേർത്ത് ഗ്രിൽ പണിയേണ്ടതായിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 13 |
| 4 | അന്തേവാസികൾ പലപ്പോഴും രക്ഷപ്പെട്ട് പുറത്തുപോകുന്നതിനുള്ള പ്രവണത കാണിക്കുന്നതിനാൽ ടി കെട്ടിടത്തിലെ ഗ്ലാസ്സ് കൊണ്ട് നിർമ്മിച്ച ജനാലകൾ മാറ്റി, ഗ്രില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 14 |
| 5 | പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടുന്നതിനുവേണ്ട നടപടികൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 15 |
| 6 | ആയതിനാൽ, ഇക്കാര്യത്തിനുവേണ്ടി എല്ലാ സ്ഥാപനങ്ങൾക്കും കൂടി ഒരു വാഹനം അനുവദിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. | 16 |
| 7 | അന്തേവാസികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കാലോചിതമായി സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 17 |
| 8 | അന്തേവാസികൾക്ക് മരുന്നിനും വസ്ത്രങ്ങൾക്കും സ്ഥാപനത്തിന്റെ മെയിന്റനൻസിനും ഇപ്പോൾ അനുവദിച്ചുകൊണ്ടിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, പ്രസ്തുത തുക താമസംവിനാ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 18 |

| (1) | (2) | (3) |
|---|---|---|
| 9 | അന്തേവാസികളുടെ പുനരധിവാസത്തിന് ഉതകുന്നവിധത്തിൽ സോപ്പ്, പേപ്പർ ക്യാരിബാഗുകൾ, പൂക്കൾ എന്നിവയുടെ നിർമ്മാണത്തിനുള്ള പരിശീലനസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പരിശീലനം പൂർത്തിയാക്കുന്നമുറയ്ക്ക് സ്ഥാപനത്തിൽ വച്ചുതന്നെ വർക്കുകൾ ഏറ്റെടുത്ത് ചെയ്യുവാൻ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും, അന്തേവാസികൾ തൊഴിൽ ചെയ്ത് നേടുന്ന തുക അവരുടെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. | 19 |
| 10 | ആയതിനാൽ, ടി സ്ഥാപനത്തിലേക്കാവശ്യമായ കട്ടിലുകൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 20 |
| 11 | സാമാന്യം വലിയ ഒരു ഷെഡ് പണിയുകയാണെങ്കിൽ മഴക്കാലത്ത് ആഹാരം പാചകം ചെയ്യുവാനും വിറക് നനയാതെ സൂക്ഷിക്കുവാനും അന്തേവാസികളുടെ വസ്ത്രങ്ങൾ അലക്കി ഉണക്കുവാനും സാധിക്കുമെന്നതിനാൽ ആയതിനുവേണ്ട സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 21 |
| 12 | മേൽവിലാസം തേടിപ്പിടിച്ച് അവരെ ബന്ധുമിത്രാദികളെ ഏൽപ്പിക്കുന്നതിനും സ്വന്തം സംസ്ഥാനത്തിലെ സമാന സർക്കാർ സ്ഥാപനങ്ങളിലേക്കയയ്ക്കുന്നതിനും അല്ലെങ്കിൽ പുനരധിവസിപ്പി ക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 22 |
| 13 | ആവശ്യമുള്ളപക്ഷം അന്തേവാസികൾക്ക് പ്രൊഫഷണൽ കൗൺസലിംഗ് നൽകുന്നതിനുള്ള നടപടി ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 23 |
| 14 | ആശാഭവന്റെ മുകളിലത്തെ നില വികസിപ്പിച്ച് ഒരു ഹാളിനുള്ള സ്ഥലം കണ്ടെത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 24 |
| 15 | പ്രസ്തുത തുക കാര്യമായി ഉയർത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 28 |
| 16 | കൂടാതെ, കായിക വിനോദത്തിനായി ഷട്ടിൽ ബാഡ്മിന്റൺ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 29 |
| 17 | കൂടുതൽ അന്തേവാസികളെ പാർപ്പിക്കുന്നതിനായി ഇപ്പോഴുള്ള കെട്ടിടത്തിനുമുകളിൽ ഒരു നിലകൂടി പണിയുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 30 |

| (1) | (2) | (3) |
|---|---|---|
| 18 | ഇപ്പോൾ ഗ്രേഡ് II സ്ഥാപനമായ പുരുഷന്മാരുടെ ആശാഭവനിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ഒന്നാം ഗ്രേഡ് സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 31 |
| 19 | പത്തു വയസ്സിൽ താഴെ പ്രായമുളളവർ, പതിനൊന്നിനും പതിനഞ്ചിനും ഇടയ്ക്ക് പ്രായമുള്ളവർ, പതിനാറിനും പതിനെട്ടിനും ഇടയ്ക്ക് പ്രായമുളളവർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി തിരിച്ച് അന്തേവാസികളായ കുട്ടികളെ പാർപ്പിക്കണമെന്നും അവരുടെ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾ നിലവിലുള്ള ബാലനീതി ചട്ടം അനുശാസിക്കുംവിധം നടപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 36 |
| 20 | പ്രസ്തുത സ്ഥാപനങ്ങളിലേക്ക് ഒരു പാർട്ട്-ടൈം സ്വീപ്പർ തസ്തിക അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 37 |
| 21 | ഇതിനുമാത്രമായി ഒരു പ്രത്യേക ഷെഡ് നിർമ്മിച്ചു നൽകുന്നതിനു വേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 38 |
| 22 | മറ്റുള്ളവരിലേക്ക് പകരുന്ന വിധത്തിലുള്ള അസുഖം ബാധിക്കുന്ന അന്തേവാസികളെ പ്രത്യേകം താമസിപ്പിക്കുന്നതിനുള്ള സൗകര്യം ടി സ്ഥാപനത്തിൽ ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 39 |
| 23 | അന്തേവാസികളായ കുട്ടികളിൽ സദാചാരബോധവും ധാർമ്മിക മൂല്യങ്ങളും വളർത്തുന്നതിന് മാസത്തിൽ നാലുതവണയെങ്കിലും ബോധവൽക്കരണ ക്ലാസ് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 40 |
| 24 | അവ ഒഴിവാക്കുന്നതിന് അവർക്ക് കൗൺസലിംഗ് നൽകേണ്ടത് ആവശ്യമായതിനാൽ പ്രസ്തുത സ്ഥാപനത്തിൽ അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 41 |
| 25 | നിലവിൽ വാച്ച്മാന്റെ തസ്തിക ഇല്ലാത്തതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 42 |
| 26 | ഈ സാധ്യത പരിശോധിച്ച് നടപ്പാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 43 |
| 27 | വകുപ്പിന്റെ സെക്രട്ടറി, ഡയറക്ടർ എന്നീ രണ്ട് തസ്തികകളിലും അഡീഷണൽ ചാർജ് നൽകുന്ന പ്രവണത അവസാനിപ്പിച്ച് ടി തസ്തികകളിൽ സ്ഥിരനിയമനം ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 44 |

| (1) | (2) | (3) |
|---|---|---|
| 28 | പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നതിനുവേണ്ട അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 45 |
| 29 | മേല്പറഞ്ഞ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 46 |
| 30 | സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികളുടെ നടപ്പാക്കൽ അവലോകനം ചെയ്യുന്നതിനായി കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തണമെന്നും അതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 47 |
| 31 | മൂന്ന് വിഭാഗങ്ങളെയും പ്രത്യേകമായി ശ്രദ്ധിച്ച് ഭരണപരമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ട സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 48 |
| 32 | സ്ത്രീകളുടെ ആശാഭവൻ ഉൾപ്പെടെയുള്ള മഹിളാമന്ദിരം, വൃദ്ധസദനം, മഹിളാ വികലാംഗസദനം, വൊക്കേഷണൽ പരിശീലന കേന്ദ്രം, ആശാഭവൻ (പുരുഷന്മാർ) എന്നീ ക്ഷേമസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന സൂപ്രണ്ടുമാരും ഉദ്യോഗസ്ഥരും വളരെ താഴ്ന്ന ശമ്പളം വാങ്ങുന്നവരാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മറ്റ് സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാരുടെ സേവന വേതന വ്യവസ്ഥകൾ ടി സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉറപ്പ് വരുത്തേണ്ടത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. കൂടാതെ, അവർക്ക് സ്ഥാപനത്തിനുള്ളിൽത്തന്നെ താമസസൗകര്യം ഉറപ്പാക്കേണ്ടതുമാണ്. | 49 |
| 33 | മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വെള്ളം, വൈദ്യുതി, പൊതുസമ്മേളനം, കലാകായികം, പുനരധിവാസ പ്രവർത്തനങ്ങൾ, പൊതുജനസമ്പർക്കം എന്നീ പൊതുവായ കാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ടി സ്ഥാപനത്തിൽ ഒരു അസിസ്റ്റന്റ് ഡയറക്ടറെ കാലതാമസം കൂടാതെ നിയമിക്കുന്നത് പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രയോജനപ്രദമായിരിക്കുമെന്ന് സമിതി വ്യക്തമാക്കി. | 50 |
| 34 | കുട്ടികളിലെ വൈകല്യങ്ങൾ വളരെ നേരത്തെ കണ്ടെത്തുവാനും അവയ്ക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനത്ത് ഉടനീളം പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർ, ആശാ പ്രവർത്തകർ, പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും കുട്ടികളിലെ തുടർചികിത്സയ്ക്കും ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ ഉപകേന്ദ്രങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയോടനുബന്ധിച്ചോ അല്ലാതെയോ തുടങ്ങുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 51 |

| (1) | (2) | (3) |
|---|---|---|
| 35 | ദത്തെടുക്കൽ നിയമങ്ങൾ കുറച്ചുകൂടി ലളിതമാക്കി കുട്ടികളില്ലാത്ത ദമ്പതികൾക്ക് ദത്ത് നൽകൽ കൂടുതൽ സുതാര്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 55 |
| 36 | ശിശുക്ഷേമസമിതിയോട് ചേർന്നുകിടക്കുന്ന സർക്കാർവക ഭൂമി സൗജന്യമായി അനുവദിച്ച് സമിതി ആസ്ഥാനം കൂടുതൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 56 |
| 37 | അമ്മത്തൊട്ടിൽ വഴിയും മറ്റ് രീതികളിലും ലഭിക്കുന്ന കുട്ടികളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് (ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ) ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 57 |
| 38 | രക്ഷാകർത്താക്കളിൽ നിന്നും സ്വമേധയാ വിടുതൽ നേടിയ കുട്ടികളെ നിയമതടസ്സം കൂടാതെ കോടതി മുഖേന ദത്ത് നൽകുന്നതിനുള്ള നിയമസാധുത പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 58 |
| 39 | പ്രസ്തുത കെട്ടിടത്തിൽ ലിഫ്റ്റ് സൗകര്യം ഉറപ്പാക്കുന്നതിനു വേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 59 |
| 40 | ശിശുക്ഷേമസമിതിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ബഡ്ജറ്റിൽ കൂടുതൽ തുക ഉൾപ്പെടുത്തി അവ ഗ്രാന്റായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 60 |
| 41 | ശിശുക്ഷേമസമിതിയിൽ ഒരു ഫുൾ-ടൈം പീഡിയാട്രീഷ്യനെ നിയമിക്കാനും അവിടെയുള്ള ആയമാർക്കും നേഴ്സുമാർക്കും ആറുമാസം ദൈർഘ്യമുള്ള കോഴ്സിലൂടെ ട്രെയിനിംഗ് നൽകുവാനുംവേണ്ട അടിയന്തിരനടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 61 |
| 42 | സമിതിയിലെ ആയമാർക്ക് നൽകിവരുന്ന വേതനം, സംസ്ഥാനത്ത് നിലവിൽ നൽകിവരുന്ന മിനിമം വേതനമായ 350 രൂപയാക്കി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 62 |
| 43 | ശിശുക്ഷേമസമിതിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനും, വെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനും, ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 63 |
| 44 | ശിശുക്ഷേമസമിതിയിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ 50% മാത്രമാണ് ലഭിക്കുന്നത്. ആയതിനാൽ, അവരുടെ സേവന വേതന വ്യവസ്ഥകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 64 |